# AMRITA VIDYALAYAM
## HALF YEARLY EXAMINATION 2018 - '19

**Class : VI** **Marks : 80**
**Time : 2½ hrs**

# മലയാളം

| GENERAL INSTRUCTIONS: | |
|---|---|
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

### പാരായണവിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

ഒരു കവിയുടെ ഭാഷ അദ്ദേഹത്തിന്റെ സ്വഭാവത്തെ ചിത്രീകരിക്കുന്നു. എഴുത്തച്ഛന്റെയും കുഞ്ചൻനമ്പ്യാരുടെയും കാവ്യരീതി ഇതിന് ഉദാഹരണമാണ്. എഴുത്തച്ഛന്റെ ഭാഷ പ്രൌഢഗംഭീരവും പ്രസന്നമധുരവുമാണ്. എന്നാൽ നമ്പ്യാരുടേത് ലളിതമനോഹരവും ഹാസ്യപ്രധാനവുമാണ്. എഴുത്തച്ഛൻ മലയാളഭാഷയെ തമിഴിൽനിന്ന് മോചിപ്പിച്ച് സംസ്കൃതവുമായി ലയിപ്പിച്ചു. എന്നാൽ നമ്പ്യാർ എല്ലാവിധ അടിമത്തത്തിൽനിന്നും മോചിപ്പിച്ച് മലയാളഭാഷയെ സ്വതന്ത്രയാക്കിത്തീർത്തു. നമ്പ്യാരുടേതുപോലെ ശൈലീപരിഷ്കൃതവും പ്രയോഗക്ഷമവും ആയ തനി മലയാളം നമ്മുടെ മറ്റൊരു കവിക്കും സ്വാധീനമായിട്ടില്ലെന്നു തന്നെ പറയാം.

a) ഒരു കവിയുടെ ഭാഷ എന്തിനെയാണ് ചിത്രീകരിക്കുന്നത്?

b) എഴുത്തച്ഛന്റെ ഭാഷയുടെ പ്രത്യേകത എന്ത്?

c) മറ്റൊരു കവിക്കും സ്വാധീനമായിട്ടില്ലാത്ത പ്രത്യേകരീതി നമ്പ്യാരുടെ ഭാഷയിൽ കാണുന്നു. അതെന്താണ്?

d) എഴുത്തച്ഛനിൽ നിന്നു വ്യത്യസ്തമായി നമ്പ്യാർ ഭാഷയ്ക്ക് നൽകിയ സേവനം എന്ത്?

e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

**രചനാവിഭാഗം**

**II.1. ആശയവിപുലനം.** **8**

"ചൊട്ടയിലെ ശീലം ചുടല വരെ"

**2. ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

"പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം"

**വ്യാകരണവിഭാഗം**

**III.1. അംഗ–അംഗി വാക്യങ്ങൾ വേർതിരിച്ചെഴുതുക.** **2**

പരിഷ്കാരത്തിന്റെ മായാജാലങ്ങളൊന്നുമില്ലാത്ത വെട്ടത്തുനാട് അറബിക്കടലിന്റെ താളം കേട്ട് ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു.

**2. പ്രയോഗം മാറ്റുക.** **2**

a) വള്ളത്തോൾ 'എന്റെ ഭാഷ' എന്ന കവിത രചിച്ചു.

b) ഗീതാഞ്ജലിക്കവിതകൾ ബംഗാളിഭാഷയിൽ ടാഗോറിനാൽ രചിക്കപ്പെട്ടു.

**3. വാക്യശുദ്ധി വരുത്തുക.** **1**

തനിക്കൊരു കുഴപ്പവുമില്ലെന്ന് അയാൾ വീണ്ടും വീണ്ടും ആവർത്തിച്ചു പറഞ്ഞു.

**4. നാനാർത്ഥം തെരെഞ്ഞെടുത്ത് എഴുതുക.** **2**

a) നീര് – ജലം, പാൽ, ഒരു അസുഖം, മഴ

b) മോഹം – ആഗ്രഹം, ബോധക്ഷയം, ഓർമ, അറിവ്

**5. ഓമനപ്പൈതൽ എന്ന പദം വിഗ്രഹിക്കുന്നതെങ്ങനെ?** **½**

(ഓമനയുടെ പൈതൽ, ഓമനയായ പൈതൽ, ഓമനയും പൈതലും)

**6. കിളിയുടെ കൊഞ്ചൽ എന്നതിന്റെ ഒറ്റപ്പദം എഴുതുക.** **½**

(കിളിയും കൊഞ്ചലും, കിളിക്കൊഞ്ചൽ, കൊഞ്ചുന്ന കിളി)

**7. ആശു എന്ന പദത്തിന്റെ അർഥം എഴുതുക.** ½

(അംശം, പെട്ടെന്ന്, കോപം)

**8. സമാനപദം അല്ലാത്തത് ഏത്?** **2**

a) നദി – സരിത്ത്, തരംഗിണി, വാരിധി

b) കാട് – കാനനം, ആരണ്യം, അർണവം

**9. പണ്ഡിതൻ എന്ന പദത്തിന്റെ വിപരീതപദം എഴുതുക.** ½

(വൈദികൻ, പാമരൻ, വിദൂഷകൻ)

**10. ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക.** **2**

a) പ്രൌഡം പ്രൗഢം

b) ബധിരൻ ബദിരൻ

c) ഭുജിക്കുക ബുജിക്കുക

d) ദുഗ്തം ദുഗ്ധം

**11. പിരിച്ചെഴുതി സന്ധി നിർണയിക്കുക.** **1**

വാഴപ്പഴം

**12. 'അമ്മാവൻ' എന്ന പദത്തിന്റെ എതിർലിംഗപദം എഴുതുക.** ½

**13. അർത്ഥ വ്യത്യാസം എഴുതുക.** ½

ക്ഷണം – ക്ഷണനം

**14. വാക്യത്തിൽ പ്രയോഗിക്കുക.** **2**

a) ലോകപ്രശസ്തം b) ഓമനപ്പേര്

## സാഹിത്യവിഭാഗം

**IV. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക.** **4**

"ഓമനപ്പൈതൽ ............................... മുതുകിലേറി"

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** **28**

a) കണ്ണൻ അച്ഛന്റെ മുമ്പിൽ കാട്ടുന്ന കുസൃതികൾ എന്തെല്ലാം?

b) രാമന്റെ വാക്കുകൾ കേട്ടപ്പോൾ കൗസല്യയ്ക്കുണ്ടായ അവസ്ഥ എന്ത്?

c) വള്ളത്തോൾ ലോകപ്രശസ്തി നേടിയത് എങ്ങനെ?

d) തന്നെ വനത്തിലേക്ക് കൊണ്ടുപോയില്ലെങ്കിൽ എന്തുണ്ടാവുമെന്നാണ് കൗസല്യ പറയുന്നത്?

e) നിളാനദിയുടെ പേരിനെ ചൊല്ലിയുള്ള കഥകൾ എന്തെല്ലാം?
f) വള്ളത്തോൾ എന്തിലെല്ലാം അഭിമാനം കൊണ്ടിരുന്നു?
g) ലോകത്ത് സംസ്കാരങ്ങൾ വളർന്നത് എവിടെ എന്ന് ഉദാഹരണസഹിതം വിവരിക്കുക.

**VI. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **5**

a) ബാലലീല എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തതാണ്?
(അദ്ധ്യാത്മരാമായണം, കൃഷ്ണഗാഥ, മഹാഭാരതം കിളിപ്പാട്ട്)
b) ജ്ഞാനപീഠപുരസ്കാരം നേടിയ സാഹിത്യകാരൻ
(എം.ടി. വാസുദേവനനായർ, ഒ.വി. വിജയൻ, ടി. പദ്മനാഭൻ)
c) വ്യാപാരികൾ നൈലിനെ ഓർത്തുകൊണ്ട് നിളയെ വിളിച്ചിരുന്ന പേര്.
(പ്രദീപ, നിലാഘൃതവതി, നീലനദി)
d) കാളിദാസന്റെ ഋതുസംഹാരം എന്ന കൃതിയെ അനുകരിച്ച് വള്ളത്തോൾ എഴുതിയ കൃതി.
(കിരാതശതകം, ഋതുവിലാസം, ശിഷ്യനും മകനും)
e) എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം എഴുതിയത് ഏതു കൃതിയെ മുൻനിർത്തിയാണ്.
(വാല്മീകിരാമായണം, കമ്പരാമായണം, ബാലരാമായണം)
f) ഭീഷ്മപർവ്വത്തിൽ നിള അറിയപ്പെടുന്നത് ഏതു പേരിലാണ്?
(പൊന്നാനിപ്പുഴ, പ്രദീപ, നിലാഘൃതവതി)
g) ശ്രീരാമന്റെ മാതാവിന്റെ പേരെന്ത്?
(കൗസല്യ, കൈകേയി, സുമിത്ര)
h) പ്രാചീനകവിത്രയത്തിൽ ഉൾപ്പെടുന്ന കവി.
(വള്ളത്തോൾ, കുമാരനാശാൻ, ചെറുശ്ശേരി)
i) സ്വന്തം രോഗപീഡയിൽ ദുഃഖിതനായി വള്ളത്തോൾ എഴുതിയ കൃതി.
(ബധിരവിലാപം, മഗ്ദലനമറിയം, ചിത്രയോഗം)
j) വള്ളത്തോളിന്റെ മഹാകാവ്യം ഏതാണ്?
(ചിത്രയോഗം, ഋതുവിലാസം, ഋതുസംഹാരം)